# അമേരിക്കൻ കഥകൾ

## മിനികഥകൾ മുപ്പത്തി നാല്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

അന്നച്ചി മുൻ കഥയുടെ തുടച്ചയാണ് പറയാൻ പോകുന്നത്. കന്നമ്മയെയും, അവളുടെ ജീവിത കഥയും ഒരിക്കലും മറക്കാൻ സാധിക്കത്തില്ല. സ്വ പ്രയത്നം കൊണ്ട് അവൾക്കുണ്ടായ നേട്ടങ്ങളും കോട്ടങ്ങളും മറ്റുള്ളവരോട് പങ്കു വെയ്ക്കാതിരിക്കാൻ സാധിക്കത്തില്ല.

നാല്പതു വയസുള്ള കന്നമ്മ വിവാഹം കഴിക്കാൻ പോയപ്പോൾ തന്നെ അവൾ ഒരിക്കലും ഒരമ്മയാകുമെന്ന് പ്രതീക്ഷിച്ചിട്ടില്ല. കാമതൃഷ്ണയും അവൾക്കില്ലായിരുന്നു. ഒരു മലയാളിയെ കൊണ്ടും ഒരു പെണ്ണിന്റെ കാമത്തിന് അറുതി വരുത്താൻ കഴിയത്തില്ലെന്നും അറിയാം. ഒരാൺതുണയില്ലാതെ അമേരിക്കയിൽ, പ്രത്യേകിച്ച് അവൾ ജീവിക്കുന്നിടത്ത് താമസിക്കാൻ വളരെ പ്രയാസമാണെന്ന് മനസ്സിലായി. എന്നിട്ടും രണ്ടു പ്രാവശ്യം അവൾ ഗർഭിണിയായി. രണ്ടും അലസി പിരിഞ്ഞു.

സെഖറിയായുടെ കൂടെ ആദ്യ രാത്രി കഴിഞ്ഞപ്പോഴേ അവൻ ഒരു മണുകൊണാപ്പൻ ആണെന്ന് മനസ്സിലായി. മണ്ണിനും പിണ്ണാക്കിനും കൊള്ളാത്തവനാണ്. വിവാഹം കഴിഞ്ഞ് വളരെ കുറഞ്ഞോരു ദിവസമേ അവർ ഒന്നിച്ച് കേരളത്തിൽ ഉണ്ടായിരുന്നുള്ളു. ആ സമയങ്ങൾ അവൾ വളരെ അടങ്ങി ഒതുങ്ങി കഴിഞ്ഞു. യാതൊരു ഇടങ്കേടും കാണിച്ചില്ല. അതിനോടകം അവനെപറ്റി അവൾ നല്ലവണ്ണം മനസ്സിലാക്കി. അവൾ അവനെ ശരിക്കും പഠിച്ചു.

അവൻ വന്ന് ഒരാഴ്ച കഴിഞ്ഞപ്പോൾ അവൾ പറഞ്ഞു: ഞാൻ കഷ്ടപ്പെട്ട് ജോലിക്കു പോയിട്ട്, വന്ന്, സാധനങ്ങളും വാങ്ങിച്ച്, കഞ്ഞീം കറീം വെച്ചു തന്ന് എല്ലാം വിളമ്പി തന്ന് പാത്രവും കഴുകിയശേഷം കിടക്കയിൽ വന്ന് കാലകത്തി കിടന്നു തരേണ്ട ഗതികേടൊന്നും എനിക്കില്ല. അവൻ പറയുന്നത്: ഞാൻ നാട്ടിലായിരുന്നെങ്കിൽ, ഒരു MLA, അല്ലെങ്കിൽ മന്ത്രി ആകേണ്ടതാണ്. ഞങ്ങളുടെ നാട്ടിലെ നേതാവായിരുന്നു ഞാൻ.

എന്തായാലും വലിയ താമസം കൂടാതെ ജോസഫ് അച്ചായന്റെ ശുപാർശ കൊണ്ട്, നമ്മുടെ കൊച്ചേട്ടന്റെ കൃപയാൽ ആ കമ്പിനിയിൽ ഒരു ജോലി കിട്ടി. ആ കമ്പിനി നിറയെ മലയാളികളാണ്. അവരുടെ അടുക്കൽ ചെന്നും ആ ഡയലോഗ് തന്നെ പറഞ്ഞു. അങ്ങിനെ അയാൾക്ക് ഒരു പേരു കിട്ടി. നേതാവ് സെഖറിയ, ചിലർ MLA സെഖറിയാ എന്നും പേരിട്ടു. മൗത്ത് ലുക്കിംഗ് അഥവാ വായിനോക്കി എന്നും വിളിച്ച് കളിയാക്കി. അയാൾ ആദ്യമായി അവിടെ പണി ചെയ്തപ്പോൾ കരഞ്ഞു പോയി; സാക്ഷാൽ കൂലി വേല പണി. പിന്നീട് ചുറ്റും നോക്കിയപ്പോൾ, അവിടെ ബിഎ ക്കാർ, എംഏ ക്കാർ, എംഎൽഏ ക്കാർ, കൂടാതെ ഒരു പള്ളീലെ അച്ചനും അതുപോലെ കൂലി വേല ചെയ്യുന്നു; നല്ല അഭിമാനത്തോടെ. അപ്പോൾ ഒരാശ്വാസം. ആ പണി എല്ലാം വേഗം പഠിച്ചു. ഇംഗ്ലീഷ് അത്രയും വശമില്ലെങ്കിലും കഷ്ടി ഒപ്പിക്കും. അവൾ ഒരു പഴംചടാക്കു കാറും വാങ്ങിച്ചു കൊടുത്തു. അത് സ്റ്റാർട്ടാക്കിയാൽ പത്തു മൈൽ അകലെ വെരെ കുടു കുടാന്ന് ബോട്ടിന്റെ ശബ്ദം പോലുള്ള ശബ്ദം കേൾക്കാം. ആ ശബ്ദം കേൾക്കുമ്പോഴേ ആൾക്കാർ പറയും MLA വരുന്നെന്ന്. അവിടെയുള്ള നല്ലവർ പറയും: തുടക്കകാരന് ഇത്രയും മതി. എന്നാൽ പള്ളിയിൽ പോകുമ്പോൾ അവളുടെ വിലകൂടിയ ബെൻസു കാറിൽ അവനേയും കൂട്ടി കൊണ്ടു പോകും, തിരിച്ചു കൊണ്ടു വരും. അത് ഓടിക്കാൻ അവനെ സമ്മതിക്കത്തില്ല. എന്നാൽ പല ദിവസങ്ങളിലും ആ വണ്ടി അവനെ കൊണ്ട് കഴുകിപ്പിക്കും. അവൻ സ്വപ്നം കാണും: ഒരു ദിവസം ഇതിലും വില കൂടിയ കാർ സ്വന്തമായി വാങ്ങി അവൻ ഓടിക്കുമെന്ന്.

പള്ളിയിൽ പോയാൽ പൊതു യോഗത്തിൽ ഇരിക്കാനോ, നേതാവാകാനോ ഒന്നും അവൾ സമ്മതിക്കത്തില്ല. അതുപോലെ അവിടെ മലയാളികളുടെ മൂന്നു ക്ലബുകൾ ഉണ്ട്. അവിടെ ഒന്നും പോകാനോ നേതാവാകാനോ അവൾ സമ്മതിക്കത്തില്ല. അവിടെയുള്ള മലയാളികട, അമേരിക്കൻ കട അങ്ങിനെ എല്ലാം അവൾ കാണിച്ചു കൊടുത്തിട്ടുണ്ട്. അവിടെ നിന്നെല്ലാം വാങ്ങേണ്ട സാധനങ്ങളുടെ വിവരങ്ങളും സമയാസമയത്ത് അവൾ കൊടുക്കും. അതെല്ലാം വാങ്ങിച്ചു കൊണ്ടു വരണം. കൂടാതെ ഭക്ഷണങ്ങൾ പാചകം ചെയ്യാനും അവൾ പഠിപ്പിച്ചിട്ടുണ്ട്. എന്നിട്ടും ബാക്കി കിട്ടുന്ന സമയത്ത് കൊട്ടാരം പോലുള്ള ആ വീടിന്റെ ഓരോ ഭാഗങ്ങൾ തുടച്ചു വൃത്തിയാക്കണം. ഇടയ്ക്കിടയ്ക്ക് വീടനു പുറത്തുള്ള പുല്ല് മുറിച്ച് വൃത്തിയാക്കണം. അതിന് യന്ത്രം ഉണ്ട്. മഞ്ഞ് വീഴുമ്പോൾ അതെല്ലാം മാറ്റി വീടന് ചുറ്റുപാടും എപ്പോഴും വൃത്തിയാക്കണം. ആ വീടിന് അകത്തെ കാർപ്പറ്റ്ഇടയ്ക്കിടയ്ക്ക് വൃത്തിയാക്കണം. വീടിനകത്ത് പലയിടത്തുമായി റ്റൈൽ ഉണ്ട്; അതും ഇടയ്ക്കിടയ്ക്ക് വൃത്തിയാക്കണം ഇതിനെല്ലാം യന്ത്രങ്ങൾ ഉണ്ട്. ഇതെല്ലാം ചെയ്താലും മാസത്തിൽ ഒരിക്കൽ പോലും അവന്റെ കാമം തീർക്കാൻ അവൾ സമ്മതിക്കത്തില്ല. അവന് വേറെ ഏതെങ്കിലും സ്ത്രീയോട് അവന്റെ കാമം തീർക്കാൻ വരണമെന്ന് പറയാൻ പറ്റുമോ. അവൻ അങ്ങിനെ പല വിധത്തിൽ വിഷമിച്ച് കഴിയുമ്പോൾ ഒരു ദിവസം അവൾ പറഞ്ഞു: നിങ്ങളുടെ കാമം തീർക്കുന്നതുപോലെ എന്റെ കാമം തീർക്കാൻ നിങ്ങളും ബാദ്ധ്യസ്ഥനാണ്. ഞാനും നിങ്ങളെ പോലെ വികാരങ്ങളുള്ള ഒരു മനുഷ്യ സ്ത്രീയാണ്. എനിക്ക് ഭർത്താവുള്ളപ്പോൾ വേറൊരുത്തനോടെ എന്റെ കാമം തീർക്കാൻ എനിക്കു പറയാൻ പറ്റുമോ? ഇതുകൊണ്ടാണ് ഇപ്പോൾ നമ്മുടെ കേരളത്തിൽ ഭർത്തൃമതികളായ പല സ്ത്രീകളും പര പുരുഷന്മാരുടെ കൂടെ കാമകേളികൾ നടത്തുന്നതും ഒളിച്ചോടി പോകുന്നതും. നിങ്ങൾ വന്ന് ഉണ്ടാക്കി നിങ്ങളുടെ കാമം തീർത്തിട്ട് കൂടെ കിടക്കുന്ന മനുഷ്യ സ്ത്രീയെ വേദനിപ്പിച്ച് കഴിയുന്നത് എത്ര വേദനകരമാണെന്ന് അറിയാമോ? നിങ്ങൾ പുരുഷന്മാർ എത്രമാത്രം സ്വാർത്ഥമതികളാണെന്ന് അറിയാമോ? സ്വന്തം കാര്യം സിന്താബാദ് എന്നല്ലാതെ സ്വന്തം ഇണയെ പ്രീണിപ്പിക്കണമെന്ന് വിചാരിച്ചിട്ടുണ്ടോ? രാത്രിയാകുമ്പോ ഓരോരുത്തർ അവന്റെ കുന്തോം പൊക്കി പിടിച്ചോണ്ടു ചെല്ലും. കൂടെ കിടക്കുന്നത് ഒരു മനുഷ്യജീവിയാണെന്നുള്ള വിചാരം ഇല്ലാതെ.

അവനറിയത്തില്ല അവൻ എന്താണ് ചെയ്യേണ്ടതെന്ന്. അതവൻ പറയുകയും ചെയ്തു. അവസാനം അവൾ അവിടെയുള്ള ബ്ലൂ സിനിമാ കാണിച്ചിട്ട് അതിൽ ആണുങ്ങൾ ചെയ്യുന്നതുപോലെ ചെയ്യാൻ പറഞ്ഞു. അവൻ ശ്വാസം അടക്കി പിടിച്ചിരുന്ന് അതെല്ലാം കണ്ടു. അങ്ങിനെയുള്ള സിനിമാ കാണുന്നത് പാപമാണെന്നാണ് പള്ളീൽ അച്ചൻ പഠിപ്പിച്ചിട്ടുള്ളത്. അതിൽ ആണുങ്ങൾ ചെയ്യുന്നതുപോലെ ചെയ്യുന്നതും പാപമാണെന്നാണ് അച്ചൻ പഠിപ്പിച്ചിട്ടുള്ളത്. ഇതെല്ലാം അച്ചന്റെയടുക്കൽ കുമ്പസാരിച്ച് പറഞ്ഞ് പ്രായശ്ചിത്തം ചെയ്യുന്നുണ്ടെന്ന് പറഞ്ഞതും അവൾ ഒരു സിംഹത്തെ പോലെ കിടന്നലറി പറഞ്ഞു: ഇപ്പോൾ ഇവിടെ നിന്ന് ഇറങ്ങിക്കോണം തെണ്ടീ, ഇത് ഞാൻ കഷ്ടപ്പെട്ടുണ്ടാക്കിയ കാശുകൊണ്ട് വാങ്ങിച്ച എന്റെ വീടാണ്, അല്ലാതെ നിന്റെ തന്ത വാങ്ങിച്ചു തന്നതല്ല. മര്യാദയ്ക്ക് ഞാൻ പറയുന്നതും കേട്ട് ഇവിടെ പൊന്നു മനസ്സുണ്ടേൽ ജീവിച്ചാൽ മതി. അല്ലെങ്കിൽ ഇറങ്ങി പോടാ പട്ടീ എവിടെയെങ്കിലും. അവൻ ആ രാത്രിയിൽ തന്നെ അവന്റെ സാധനങ്ങളും എടുത്ത് അവിടെ നിന്നും പോയി.